പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2427 — 07.10.2016 ലെ മറുപടിയ്ക്ക്

**കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ് എം. തോമസ് | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്കുള്ള നഷ്ടപരിഹാരം വളരെ തുച്ഛമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (S.D.R.F) നിന്നും ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം കേന്ദ്രസർക്കാർ 08.04.2015 ൽ പരിഷ്കരിച്ചിരുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ച നഷ്ടപരിഹാര നിരക്കുകൾ പ്രാബല്യത്തിൽ വരുത്തിയപ്പോൾ നഷ്ടപരിഹാര തുക നിലവിലുണ്ടായിരുന്ന നഷ്ടപരിഹാര നിരക്കുകളേക്കാൾ കുറവായതിനാൽ 29.09.2015 ലെ സർക്കാർ ഉത്തരവ് നം. 182/15/കൃഷി പ്രകാരം നഷ്ടപരിഹാര നിരക്കുകൾ മുൻപ് നിലവിലുണ്ടായിരുന്ന അതേ നിരക്കിൽ പുനസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും പരിഷ്കരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) പ്രകൃതി ക്ഷോഭം മൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം ഓരോ വർഷവും കേന്ദ്രസർക്കാർ പരിഷ്കരിക്കാറുണ്ട്. എന്നാൽ കേന്ദ്ര മാനദണ്ഡപ്രകാരമുള്ള തുക തുലോം കുറവാണ്. ഇത് വർദ്ധിപ്പിക്കണമെന്ന് ദീർഘകാലമായി കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ